# മൂശാകാലം

## വചന വിചിന്തനം

### മൂശാകാലം രണ്ടാം ഞായർ

**ലൂക്കാ 8,41-56**

> **വിശ്വാസത്തോടുകൂടെ ക്രിസ്തുവിനെ സമീപിക്കുന്നവർക്ക് ദൈവം സമീപസ്ഥനാണ്. കാരണം, "കർത്താവു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു" (സങ്കീ 147,3).**

സുവിശേഷത്തിന്റെ പ്രമേയം രോഗിക്ക് ആരോഗ്യവും മരിച്ചവൾക്ക് പുനർജീവിതവും നൽകുന്ന ക്രിസ്തുവിന്റെ കരുത്തും കരുതലുമാണ്. വചനഭാഗത്തിലൂടെ ക്രിസ്തു രണ്ട് അൽഭുതങ്ങൾ ചെയ്യുന്നു. രണ്ടിന്റെയും പൊരുൾ ദൈവം ഓരോ വ്യക്തിയെപ്രതിയും കരുതലുള്ളവനാണ് എന്നുള്ളതാണ്. ഒപ്പം, വിശ്വാസത്തോടെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർക്ക് ദൈവം സമീപസ്ഥനുമാണ് എന്നതുമാണ്. അതുകൊണ്ടു തന്നെ, "രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു, ജായ്റോസിൻെറ മകളെ പുനർ ജീവിപ്പിക്കുന്നു" എന്ന രണ്ട് അൽഭുതങ്ങളിലൂടെ ദൈവത്തിന്റെ അൽഭുതാവഹമായ ശക്തിയെക്കുറിച്ച് ധ്യാനിക്കുന്നതിനോടൊപ്പം വിശ്വാസത്തോടുകൂടെ ദൈവത്തെ സമീപിക്കുന്നവർക്കാണ് അൽഭുതങ്ങൾ സ്വന്തമാക്കാൻ സാധിക്കുക എന്നുകൂടെ ധ്യാനിക്കുവാൻ സാധിക്കണം.

*വിശ്വാസത്തോടെ കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ച് ദൈവശക്തിയിൽ ആശ്രയിച്ചവൾ ദൈവകരുണയാൽ ആശ്വസിപ്പിക്കപ്പെടുന്നു!*

സിനഗോഗിലെ ഒരധികാരിയായ ജായ്റോസ് കർത്താവിൻെറ കാൽക്കൽ വീണ്, തൻെറ വീട്ടിലേക്കുചെല്ലണമെന്ന് അപേക്ഷിച്ചു. കാരണം, പന്ത്രണ്ടു വയസ്സോളം പ്രായമുള്ള അവൻെറ ഏക പുത്രി ആസന്ന മരണയായിരുന്നു. ക്രിസ്തു അവന്റെ അഭ്യർത്ഥനമാനിച്ച് അവനോടൊപ്പം വീട്ടിലേയ്ക്ക് പോകുന്നു. അവൻ പോകുമ്പോൾ ജനങ്ങൾ ചുറ്റും കൂടി അവനെ തിക്കിയിരുന്നു. ഈ സമയത്ത്, പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും, ഒപ്പം, ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്ന വളുമായ ഒരു സ്ത്രീ അവന്റെ പിന്നിലൂടെവന്ന് വസ്ത്രത്തിൻെറ വിളുമ്പിൽ സ്പർശിച്ചു. തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു. കാരണം, അവൾക്കുറപ്പായിരുന്നു, വിശ്വാസത്തോടെ ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിച്ചാൽ താൻ സുഖം പ്രാപിക്കുമെന്ന്. തന്റെ സൗഖ്യവിവരം ഏറ്റുപറയുന്ന രക്തസ്രാവക്കാരി സ്ത്രീയോട് ക്രിസ്തു പറഞ്ഞു;

"മകളേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക."

തുടർന്ന്, ക്രിസ്തുവും ശിഷ്യൻമാരും സിനഗോഗധികാരിയുടെ വീട്ടിലേയ്ക്ക് യാത്രാകുന്നു. പോകുംവഴി അവന്റെ ഭവനത്തിൽ നിന്ന് ഒരാൾ വന്നു പറയുന്നുണ്ട്;

"നിൻെറ മകൾ മരിച്ചുപോയി; ഗുരുവിനെ ഇനിയും ബുദ്ധിമുട്ടിക്കേണ്ടാ."

ഇതു കേൾക്കുന്ന ക്രിസ്തു അവരോട് പറയുന്നത് ഒന്നു മാത്രം;

"ഭയപ്പെടേണ്ടാ, വിശ്വസിക്കുക മാത്രം ചെയ്യുക... അവൾ സുഖം പ്രാപിക്കും."

വീട്ടിലെത്തിയ അവർ "അവൾ മരിച്ചിട്ടില്ല, ഉറങ്ങുകയാണ്" എന്ന് പറഞ്ഞ് അവളുടെ കൈയ്ക്കുപിടിച്ച് അവളെ വിളിച്ചു എഴുന്നേൽപ്പിക്കുന്നു. "രക്തസ്രാവക്കാരി സുഖം

പ്രാപിക്കുന്നു, ജായ്റോസിൻെറ മകളെ പുനർജീവിപ്പിക്കുന്നു" എന്ന രണ്ട് അൽഭുതങ്ങളും വിരൽ ചൂണ്ടുന്നത് വിശ്വാസത്തിലേയ്ക്കാണ്. നിനക്ക്, നിന്റെ കുടുംബത്തിന് ദൈവത്തിൽ എന്തുമാത്രം വിശ്വാസമുണ്ടോ അത്രമാത്രം അൽഭുതങ്ങൾക്കൊണ്ട് നിന്റെ ജീവിതത്തെ അലംകരിക്കാൻ സാധിക്കും എന്ന നേർകാഴ്ച്ചയാണ്. ഇന്ന് നമ്മുടെ ജീവിതത്തിൽ അൽഭുതങ്ങൾ അന്യം നിൽക്കുന്നുണ്ടെങ്കിൽ, ദൈവാനുഗ്രഹങ്ങൾക്ക് കുറവ് വരുന്നുണ്ടെങ്കിൽ അതിനുള്ള കാരണം വിശ്വാസത്തിന്റെ കുറവ് തന്നെയാണ്.

അപ്പസ്തോലപ്രവർത്തനത്തിൽ വി.പൗലോസ്ശ്ലീഹ ലിസ്ത്രായിൽ ചെയ്യുന്ന ഒരു അൽഭുതത്തെ കുറിച്ചുവയ്ക്കുന്നുണ്ട് (അപ്പ 14,8–10). കാലുകൾക്കു സ്വാധീനമില്ലാത്ത ഒരുവൻ ലിസ്ത്രായിൽ ഉണ്ടായിരുന്നു. ജൻമനാ മുടന്തനായിരുന്ന അവന് ഒരിക്കലും നടക്കാൻ കഴിഞ്ഞിരുന്നില്ല. പൗലോസ് പ്രസംഗിക്കുന്നത് അവൻ കേട്ടു. പൗലോസിന്റെ ക്രിസ്തുവിനെ കുറിച്ചുള്ള പ്രസംഗത്തെ കേട്ടുക്കൊണ്ട്, "ദൈവമേ, സൗഖ്യം സമ്മാനിക്കണമേ..." എന്ന് പ്രാർത്ഥിക്കുന്ന മുടന്തനെ പൗലോസ് സൂക്ഷിച്ചുനോക്കി. അവന് സൗഖ്യം പ്രാപിക്കാൻ തക്കവിശ്വാസം ഉണ്ട് എന്ന് കണ്ട് പൗലോസ് ഉച്ചത്തിൽ പറഞ്ഞു;

"എഴുന്നേറ്റ് കാലുറപ്പിച്ചു നിൽക്കുക."

പിന്നിട്, വചനം പറയുന്നത് ഇപ്രകാരമാണ്; "അവൻ ചാടിയെഴുന്നേറ്റു നടന്നു." എങ്കിൽ, ഒന്നുറപ്പാണ്, "സൗഖ്യങ്ങളുടെയും അൽഭുതങ്ങളുടെയും അടിസ്ഥാനം വിശ്വാസം തന്നെയാണ്."

“ദൈവം പോലും കാണുന്നില്ല” എന്ന ചിന്തയിൽ കർത്താവിനെ സ്പർശിക്കുന്നർ തിരിച്ചറിയുക; “അതും കർത്താവ് കാണുന്നുണ്ട്!”

ഒരിക്കൽ, കുട്ടാപ്പിയും സോമനും ശശിയും വയനാട്ടിൽ ടൂർ പോയി. അവിടെ ചെന്ന് അടിച്ച് പൊളിച്ച് വൈകുന്നേരം ആയപ്പോൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ ഒരുങ്ങുമ്പോഴാണ് അവർ ഒരു കാര്യം ഓർത്തത്; വെള്ളം കോണ്ടുവരാൻ മറന്നു പോയി... ഒടുവിൽ, ശശി പറഞ്ഞു;

"ഞാൻ ഉടൻ പോയി വെള്ളം വാങ്ങിച്ചു വരാം. പക്ഷെ ,ഒരു കാരണവശാലും ഞാൻ തിരിച്ചു വരുന്നതിനു മുൻപ് നിങ്ങൾ ഒറ്റയ്ക് ഭക്ഷണം കഴിച് തീർക്കരുത്."

കുട്ടാപ്പിയും സോമനും അതു സമ്മതിച്ചു. തുടർന്ന് ശശി വെള്ളം വാങ്ങിക്കാൻ പോയി. ഒരു മണിക്കൂർ കഴിഞ്ഞു... രണ്ട് മണിക്കൂർ കഴിഞ്ഞു... മൂന്ന് മണിക്കൂർ കഴിഞ്ഞു... പാതിരാത്രിയായി വെള്ളം വാങ്ങിക്കൻ പോയ ശശിനെ മാത്രം കണ്ടില്ല. ഒടുവിൽ വിശപ്പ് സഹിക്കാൻ വയ്യാതെ മറ്റു രണ്ട് പേരും കൂടി ഭക്ഷണം കഴിക്കാൻ തുടങ്ങാം എന്ന് തീരുമാനിച്ചു. ഭക്ഷണപ്പൊതി അഴിക്കാൻ തുടങ്ങി... പെട്ടന്ന് തൊട്ടടുത്ത പാറയുടെ പിറകിൽ നിന്നും ശശി ഇറങ്ങി വന്ന് പറഞ്ഞു;

"ഇങ്ങനെയാണെങ്കിൽ ഞാൻ വെള്ളം വാങ്ങിക്കാൻ പോകില്ല!"

ശശിക്ക് കുട്ടാപ്പിയെയും സോമനെയും വിശ്വാസമുണ്ടായിരുന്നില്ല. വെള്ളം വാങ്ങിക്കാൻ പോകാം എന്ന് പറഞ്ഞ് ശശി പാറമടക്കുകൾക്കിടയിൽ കുട്ടാപ്പിയും സോമനും ഭക്ഷണം കഴിക്കുന്നുണ്ടോ എന്ന് നോക്കിയിരിക്കുകയായിരുന്നു. ജീവിത നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെയായ വിശ്വാസം അകന്നുനിന്നാൽ സംഭവിക്കുന്ന അപകടങ്ങൾ നോക്കണേ? ഇന്ന് ഈ വിശ്വാസത്തിന്റെ കുറവ് നമ്മുടെ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും അധികമാണ്. അതുകൊണ്ടുതന്നെ അനുഗ്രഹമാകേണ്ട കുടുംബങ്ങളും കുടുംബകൂട്ടായമകളും അപകടങ്ങൾ വിതയ്ക്കുന്നു. ആർക്കും ആരേയും വിശ്വാസമില്ല. അതുകൊണ്ട് തന്നെ സൗഖ്യം സമ്മാനിക്കേണ്ടവർ ആരോഗ്യമെടുക്കുന്നവരായി മാറ്റപ്പെടുന്നു. പരസ്പരവിശ്വാസം കാറ്റിലാടുന്ന

ഞാങ്കണപ്പോലെ മാറ്റപ്പെടുന്നു. അതുകൊണ്ടുതന്നെ ഉള്ളുതുറന്നു സംസാരിക്കാനും പങ്കുവയ്ക്കാനും സാധിക്കപ്പെടാത്ത അന്തരീക്ഷം രൂപപ്പെടുന്നു. ജീവിതത്തിലെ ഏറ്റവും ഭീകരമായിട്ടുള്ള നിമിഷം "വിശ്വാസം നഷ്ടപ്പെടുന്ന" നിമിഷമാണ്. പ്രത്യാശ അകന്നുനിൽക്കുന്ന സമയമാണ്.

കുറച്ച് നാളുകൾക്കുമുമ്പ് ഇംഗ്ല ണ്ടിൽ നടത്തിയ ഒരു സർവേയിലെ കണ്ടെത്തൽ എന്നുപറഞ്ഞ് സോഷ്യൽ മീഡിയായിൽ പ്രചരിച്ച രസകരമായ വാർത്ത ഇപ്രകാരമായിരുന്നു;

"ഭാര്യമാരോട് കൂടുതൽ സമയം സംസാരിച്ചാൽ ടെൻഷൻ ഇല്ലാതാകുന്നു! മാനസിക സമ്മർദം 90% മാറികിട്ടുന്നത് മൂലം ഹാർട്ട് അറ്റാക്ക് വരാനുള്ള സാധ്യത 80% ഇല്ലാതാകുന്നു. 100% റിലാക്സ് ഫീൽ ചെയ്യുന്നു. തന്മൂലം ആയുസും ആരോഗ്യവും വർധിക്കുന്നു."

എന്നിട്ട്, അവസാനം ചുവന്ന മഷിയിൽ ഇപ്രകാരം കൂടി കുറിച്ച് വച്ചിരിക്കുകയാണ്; "പക്ഷെ, ഭാര്യ ആരുടെതെന്ന് സർവേ പറയുന്നില്ല..."

സ്വന്തമെന്ന് കരുതുന്നവരോടുള്ള വിശ്വാസം നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്ന വിപത്താണിത്. ജായ്റോസിന്റെ വിശ്വാസം പ്രാർത്ഥനായ് രൂപപ്പെട്ടത് കർത്താവിന്റെ കരുണയ്ക്ക് വേണ്ടിയാണ്. സിനഗോഗിലെ ഒരധികാരിയായ ജായ്റോസ് കർത്താവിൻെറ കാൽക്കൽ വീണ്, തൻെറ വീട്ടിലേക്കുചെല്ലണമെന്ന് അപേക്ഷിച്ചത് കർത്താവിന്റെ കരുണ തന്റെ ഭവനത്തിലേയ്ക്ക് വിരുന്ന് വരുന്നതിനുവേണ്ടിയാണ്. പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ ഒരു സ്ത്രീ ക്രിസ്തുവിന്റെ പിന്നിലൂടെവന്ന് അവൻെറ വസ്ത്രത്തിൻെറ വിളുമ്പിൽ സ്പർശിച്ചതിന്റെയും കാരണം ദൈവത്തിന്റെ കരുണ സ്വന്തമാക്കുന്നതിനുവേണ്ടി തന്നെയാണ്. ചുരുക്കത്തിൽ, "രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു, ജായ്റോസിൻെറ മകളെ പുനർജീവിപ്പിക്കുന്നു" എന്നതിലൂടെ ക്രിസ്തു പങ്കുവയ്ക്കുന്നതും ദൈവത്തിന്റെ കരുണ തന്നെയാണ്!

ഉറ്റവരും
ഉടയവരുമില്ല
എന്ന തിരിച്ചറിവിൽ
സൃഷ്ടിക്കപ്പെടേണ്ട
ബോദ്ധ്യം
എനിക്ക് കർത്താവുണ്ട്
എന്നുള്ളതാണ്!

***"കർത്താവായ യേശുവിൽ വിശ്വസിക്കുക;***
***നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും."***

അപ്പ 16,31

---

ഫാ. ജോബി മേനോത്ത്
+91 9447777931